**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5351** **12-08-2021 - ൽ മറുപടിയ്ക്ക്**

**ദ്യുതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി ആവിഷ്ക്കരിച്ച ദ്യുതി പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്; ആയത് എത്രത്തോളം യാഥാർത്ഥ്യമാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പാക്കുന്നതിനോടൊപ്പം ഗുണനിലവാരമുള്ള വൈദ്യുതി, ഇടതടവില്ലാതെ, എല്ലാവർക്കും ലഭ്യമാക്കുക, വൈദ്യുതി സേവനം നല്കുന്നതിലുള്ള നഗര - ഗ്രാമ വിവേചനം ഒഴിവാക്കുക, വൈദ്യുതി വിതരണത്തിലെ സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ പരമാവധി കുറയ്ക്കുക, ഏറ്റവും മെച്ചപ്പെട്ട സുരക്ഷ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുക, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ വൈദ്യുതി ശൃംഖലയുമായി സുഗമമായി ബന്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ആരംഭിച്ച ദ്യുതിപദ്ധതിയിൽ ഉൾപ്പെടുത്തി എച്ച്.ടി ലൈൻ/ ഭൂഗർഭ കേബിൾ നിർമ്മാണം,എൽ ടി ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ ശേഷി വർധിപ്പിക്കൽ ലൈനിന്റെ സ്ഥാപിത ശേഷി കൂട്ടുന്ന പ്രവൃത്തികൾ, എച്ച്.ടി ലൈനും എൽ.ടി ലൈനും റീ കണ്ടക്ടറിങ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റു പ്രതിഷ്ഠാപനങ്ങളുടെയും standardization പ്രവൃത്തികൾ,സിസ്റ്റത്തിന്റെ വിതരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തി കൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ 4035.57കോടി രൂപയുടെ പ്രവൃത്തികളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നത്. 2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഈ പദ്ധതിയിൽ, 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങളും, കോവിഡ്-19 ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക് ഡൗണും കാരണം ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാനമായും 2791.33 കി. മീ എച്ച്. ടി OH ലൈനും, 737കി മി എച്ച്. ടി എബിസി ലൈനും 296 കി. മീ എച്ച്. ടി ഭൂഗർഭ കേബിളും 25 കി. മീ കവേർഡ് കണ്ടക്ടർ |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചുള്ള എച്ച്. ടി ലൈനും 1500.65 കി. മീ എൽ.ടി OH ലൈനും 856 കി മി എൽ.ടി എബിസി ലൈനും നിർമിക്കുകയും, 2543 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും, 5028 കി. മീ ലൈനിന്റെ സ്ഥാപിത ശേഷി കൂട്ടുകയും 1812 കി. മീ എച്ച്. ടി ലൈനും 54244 കി. മീ എൽ.ടി ലൈനും റീ കണ്ടക്ടറിങ് നടത്തുകയും ചെയ്തിട്ടുണ്ട്. ദ്യുതി പദ്ധതിയ്ക്കായി നാളിതുവരെ KSEBL 1577.73 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയ്ക്കായി കെ.എസ്.ഇ.ബി, നാളിതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ? | (ബി) | ദ്യുതി പദ്ധതിയ്ക്കായി നാളിതുവരെ KSEBL 1577.73 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ജില്ല | പൂർത്തീകരിച്ച പ്രവൃത്തികൾക്കു ചെലവഴിച്ച തുക<br>( തുക കോടിയിൽ) |
|---|---|
| തിരുവനന്തപുരം | 106.44 |
| കൊല്ലം | 102.19 |
| പത്തനംതിട്ട | 95.72 |
| കോട്ടയം | 123.93 |
| ആലപ്പുഴ | 102.72 |
| എറണാകുളം | 164.16 |
| ഇടുക്കി | 49.96 |
| തൃശ്ശൂർ | 199.33 |
| പാലക്കാട് | 130.16 |
| മലപ്പുറം | 153.46 |
| കോഴിക്കോട് | 130.34 |
| കണ്ണൂർ | 114.31 |
| വയനാട് | 33.94 |
| കാസറഗോഡ് | 71.07 |
| ആകെ | **1577.73** |